**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2176** **14-10-2024 - ൽ മറുപടിയ്ക്ക്**

**അരിവാൾ രോഗം ഇല്ലാതാക്കാൻ കർമ്മപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ആദിവാസി മേഖലകളിൽ അരിവാൾ രോഗം പടർന്ന് പിടിക്കുന്നതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കേരളത്തിലെ ആദിവാസി മേഖലകളിൽ അരിവാൾ രോഗം പടർന്ന് പിടിക്കുന്നത് ഗൗരവമായി കണ്ടുകൊണ്ട് 2007 മുതൽക്ക് സംസ്ഥാന സർക്കാർ അരിവാൾരോഗനിർണ്ണയവും ചികിത്സയും വയനാട്, പാലക്കാട്, നിലമ്പൂർ മേഖലകളിൽ നടത്തിവരികയാണ്. 2023-ൽ ദേശീയ അരിവാൾ രോഗനിർമ്മാർജ്ജന പദ്ധതി ആവിഷ്കരിച്ചപ്പോൾ വയനാട് ജില്ലയെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത രോഗനിർണ്ണയത്തിനായുള്ള സ്ക്രീനിംഗ് യഥാസമയം നടത്തുന്നതിനും വിവാഹിതരാകുന്നതിനുമുമ്പ് യുവതീയുവാക്കൾക്ക് ജനിതകപരിശോധന നിർബന്ധമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | 2023 നവംബർ മുതൽ നാഷണൽ സിക്കിൾസെൽ അനീമിയ എലിമിനേഷൻ മിഷൻ പദ്ധതി പ്രകാരം 40 വയസ്സുവരെയുള്ള മുഴുവൻ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ അരിവാൾ രോഗം കണ്ടെത്താനുള്ള നടപടികൾ ആരംഭിച്ചതിന്റെ ഭാഗമായി നാളിതുവരെ 105000 പേരെ സ്ക്രീൻ ചെയ്തിട്ടുണ്ട്. ഇവരെ electrophoresis, HPLC ടെസ്റ്റുകൾ വഴി പരിശോധിച്ച് ചികിത്സയും നൽകി വരുന്നു. നിലവിൽ 1500 രോഗികൾ വയനാട്, മലപ്പുറം, പാലക്കാട് മേഖലകളിൽ ഇപ്പോൾ തുടർചികിത്സയിലുണ്ട്. കൂടാതെ വയനാട് മാനന്തവാടി മെഡിക്കൽ കോളേജിൽ അരിവാൾ രോഗബാധിതർക്ക് ഇടുപ്പ് മാറ്റിവയ്ക്കൽ സർജറി ഉൾപ്പെടെ കഴിഞ്ഞ വർഷം നടത്തുവാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം അട്ടപ്പാടി, നിലമ്പൂർ മേഖലകളിലും കൂടി ടെസ്റ്റിംഗ് നടത്താൻ തീരുമാനിച്ചിട്ടുള്ളതും ഇതിനുള്ള സജ്ജീകരണങ്ങൾ നടത്തി വരികയുമാണ്. വിവാഹപൂർവ്വ ജനിതക കൗൺസിലിംഗ്, ആന്റിബയോട്ടിക് പ്രൊഫൈലാക്സിസ് തുടങ്ങിയ നടപടികൾക്കായുള്ള കർമ്മപദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി നവംബർ മാസം പ്രത്യേക പരിശീലന പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നുമുണ്ട്. |

| | | | |
|---|---|---|---|
| | | | കൗൺസിലിംഗിനു ശേഷമാണ് ജനിതക പരിശോധന നടത്തുന്നതെങ്കിലും ഇക്കാര്യത്തിൽ നിർബന്ധിത ജനിതക കൗൺസിലിംഗ് നടപ്പിലാക്കിയിട്ടില്ല. |
| (സി) | നവചികിത്സാ സങ്കേതങ്ങളെ സ്വാംശീകരിച്ച് അരിവാൾ രോഗം പൂർണ്ണമായും ഇല്ലാതാക്കാൻ കർമ്മപദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ? | (സി) | 2023 നവംബർ മുതൽ നാഷണൽ സിക്കിൾസെൽ അനീമിയ എലിമിനേഷൻ മിഷൻ പദ്ധതി പ്രകാരം 40 വയസ്സുവരെയുള്ള മുഴുവൻ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ അരിവാൾ രോഗം കണ്ടെത്താനുള്ള നടപടികൾ ആരംഭിച്ചതിന്റെ ഭാഗമായി നാളിതുവരെ 105000 പേരെ സ്ക്രീൻ ചെയ്തിട്ടുണ്ട്. ഇവരെ electrophoresis, HPLC ടെസ്റ്റുകൾ വഴി പരിശോധിച്ച് ചികിത്സയും നൽകി വരുന്നു. നിലവിൽ 1500 രോഗികൾ വയനാട്, മലപ്പുറം, പാലക്കാട് മേഖലകളിൽ ഇപ്പോൾ തുടർചികിത്സയിലുണ്ട്. കൂടാതെ വയനാട് മാനന്തവാടി മെഡിക്കൽ കോളേജിൽ അരിവാൾ രോഗബാധിതർക്ക് ഇടുപ്പ് മാറ്റിവയ്ക്കൽ സർജറി ഉൾപ്പെടെ കഴിഞ്ഞ വർഷം നടത്തുവാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം അട്ടപ്പാടി, നിലമ്പൂർ മേഖലകളിലും കൂടി ടെസ്റ്റിംഗ് നടത്താൻ തീരുമാനിച്ചിട്ടുള്ളതും ഇതിനുള്ള സജ്ജീകരണങ്ങൾ നടത്തി വരികയുമാണ്. വിവാഹപൂർവ്വ ജനിതക കൗൺസിലിംഗ്, ആന്റിബയോട്ടിക് പ്രൊഫൈലാക്സിസ് തുടങ്ങിയ നടപടികൾക്കായുള്ള കർമ്മപദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി നവംബർ മാസം പ്രത്യേക പരിശീലന പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നുമുണ്ട്. കൗൺസിലിംഗിനു ശേഷമാണ് ജനിതക പരിശോധന നടത്തുന്നതെങ്കിലും ഇക്കാര്യത്തിൽ നിർബന്ധിത ജനിതക കൗൺസിലിംഗ് നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ